REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-09-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി, ബെൽജിയൻ പ്രധാനമന്ത്രി ബാർട്ട് ഡി വെവറുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച തുടങ്ങി.
- രാജ്യം മെച്ചപ്പെട്ട സാമ്പത്തിക വളർച്ചയും, നിക്ഷേപ അന്തരീക്ഷവും കൈവരിച്ചെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ.
- ശബരിമല സ്വർണാപഹരണ കേസിൽ SIT അന്വേഷണ പുരോഗതി ഇന്ന് ഹൈക്കോടതിയെ അറിയിക്കും.
- ഗവൺമെന്റിനെതിരായ പ്രക്ഷോഭങ്ങളെ അടിച്ചമർത്താനാണ് നീക്കമെങ്കിൽ ശക്തമായി പ്രതികരിക്കുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.
- ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബെൽജിയൻ പ്രധാനമന്ത്രി ബാർട്ട് ഡി വെവറും തമ്മിലെ ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പ്രാദേശിക, ആഗോള വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് ഇരുവരുടെയും ചർച്ച. ഇരു നേതാക്കളും നിരവധി കരാറുകളിലും ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു. രാവിലെ ബെൽജിയൻ പ്രധാനമന്ത്രി, രാജ്ഘട്ട് സന്ദർശിച്ച് മഹാത്മാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിച്ചു.

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ബെൽജിയം പ്രധാനമന്ത്രി ഇന്നലെയാണ് ന്യൂഡൽഹിയിൽ എത്തിയത്. ബെൽജിയം പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനും അദ്ദേഹത്തോടൊപ്പമുണ്ട്.

✪✪✪

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ രാജ്യം 7.8 ശതമാനം സാമ്പത്തിക വളർച്ചയും മെച്ചപ്പെട്ട നിക്ഷേപ അന്തരീക്ഷവും കൈവരിച്ചെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ അറിയിച്ചു. ന്യൂയോർക്കിൽ ഉന്നതതല ബിസിനസ് വട്ടമേശ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. ആഗോളതലത്തിൽ പ്രതിസന്ധികളും, വെല്ലുവിളികളും നിലനിൽക്കുന്നുണ്ടെങ്കിലും, ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുകയാണെന്നും ബാങ്ക് ഓഫ് അമേരിക്കയുമായി സഹകരിച്ച് ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച സമ്മേളനത്തിൽ നിർമ്മലാ സീതാരാമൻ പറഞ്ഞു. വ്യോമയാന മേഖലയിൽ പ്രത്യേകിച്ച് അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിലും വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിലും കേന്ദ്രഗവണ്മെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചതായും നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

✪✪✪

പരസ്പര ബഹുമാനം, ജനാധിപത്യ മൂല്യങ്ങൾ എന്നിവയിലുറച്ച ബന്ധമാണ് ഇന്ത്യയും ബെൽജിയവും തമ്മിലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ബെൽജിയൻ പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഭൗമരാഷ്ട്രീയ-സാമ്പത്തിക അസ്ഥിരതകൾക്ക് ലോകം സാക്ഷ്യം വഹിക്കുന്ന ഘട്ടത്തിൽ, അത്തരം വെല്ലുവിളികളെ നേരിടേണ്ടതിന്റെ പ്രാധാന്യവും രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ അടുത്ത ഘട്ടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി ന്യൂഡൽഹിയിൽ സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പ് സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി. പഠന അടിസ്ഥാനം ശക്തിപ്പെടുത്തുക, ക്ലാസ് മുറികളിൽ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക, എന്നിങ്ങനെ വിഷയങ്ങൾ ചർച്ച ചെയ്തതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലഹരിമരുന്നുമായി ബന്ധപ്പെട്ട വിവിധ കേസുകളിൽ തെക്കെ ഇന്ത്യയിലെ 30 സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന തുടങ്ങി. 'നശാ മുക്ത് ഭാരത്' പദ്ധതിയുടെ ഭാഗമായാണ് പരിശോധനകളെന്ന് ED അറിയിച്ചു. കേരളം, കർണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലാണ് പരിശോധന.

✪✪✪

ശബരിമല സ്വർണാപഹരണ കേസ് സംബന്ധിച്ച അന്വേഷണ പുരോഗതി ഇന്ന് പ്രത്യേക അന്വേഷണസംഘം ഹൈക്കോടതിയെ അറിയിക്കും. ജസ്റ്റിസുമാരായ രാജാ വിജയരാഘവൻ, കെ.വി.ജയകുമാർ എന്നിവരടങ്ങുന്ന ദേവസ്വം ബെഞ്ചാണ് ഇന്ന് കേസ് വീണ്ടും പരിഗണിക്കുന്നത്.

അന്തിമ അന്വേഷണ റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച തീരുമാനം S I T ഇന്ന് ഹൈക്കോടതിയിൽ വ്യക്തമാക്കിയേക്കും.

കഴിഞ്ഞ തവണ ഹൈക്കോടതി കേസ് പരിഗണിച്ചപ്പോൾ അന്തിമ റിപ്പോർട്ട് അതിവേഗം സമർപ്പിക്കണമെന്ന് S I T യോട് നിർദ്ദേശിച്ചിരുന്നു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി. എസ്. പ്രശാന്തിന് ജാമ്യം ലഭിച്ചു. ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വീണ്ടും സമർപ്പിച്ച ഹർജിയിലാണ് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചത്.

ഗൂഢാലോചനയ്ക്ക് തെളിവുകളില്ലെന്ന്കാട്ടി പ്രശാന്ത് ആദ്യം സമർപ്പിച്ച ജാമ്യഹർജി കോടതി തള്ളിയിരുന്നു. ദ്വാരപാലകശില്പപാളി സ്വർണകവർച്ചാ കേസിൽ പതിനേഴാം പ്രതിയാണ് പ്രശാന്ത്.

✪✪✪

സംസ്ഥാന ഗവൺമെന്റിനെതിരായ പ്രക്ഷോഭങ്ങളെ പൊലീസ് രാജിലൂടെ അടിച്ചമർത്താനാണ് നീക്കമെങ്കിൽ ശക്തമായ പ്രതികരണം നേരിടേണ്ടിവരുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരത്ത് SFI മാർച്ചിനിടെ പൊലീസ് മർദനമേറ്റ പ്രവർത്തകരെ ആശുപത്രിയിൽ സന്ദർശിച്ചശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

UDF ഗവൺമെന്റ്, കേന്ദ്രഗവൺമെന്റിന്റെ രീതിയിലാണ് നീങ്ങുന്നതെന്നും ഈ ശൈലി മാറ്റിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭമുണ്ടാകുമെന്നും പിണറായി വിജയൻ മുന്നറിയിപ്പ് നൽകി.

✪✪✪

ഭരണഘടനാ മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതാണ് കാന്തപുരം AP അബൂബക്കർ മുസ്‌ലിയാർ സ്ത്രീകളെ സംബന്ധിച്ച് നടത്തിയ പ്രസ്താവനയെന്ന് CPIM ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞു. ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീ - പുരുഷ സമത്വത്തിന് എതിരാകരുത് മതവ്യാഖ്യാനങ്ങളെന്നും ബേബി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

പ്രതിപക്ഷ ഉപനേതൃസ്ഥാനം സംബന്ധിച്ച് CPI നിലപാട് ഉറച്ചതാണെന്നും, അതിൽ യാതൊരു മാറ്റവുമില്ലെന്നും പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

പദവി ഒഴിച്ചിടുന്നതിനെക്കുറിച്ചറിയില്ലെന്നും, CPIM - CPI ഉഭയകക്ഷി ചർച്ച എന്നത്, പാർട്ടി സംസ്ഥാന - ദേശീയ സെക്രട്ടറിമാർ തമ്മിലായിരിക്കുമോ എന്നത്, ഇപ്പോൾ പറയാനാകില്ലെന്നും ബിനോയ് വിശ്വം ഡൽഹിയിൽ മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

കേന്ദ്ര കമ്മിറ്റി പുറത്തിറക്കിയ റിവ്യൂരേഖയുടെ അടിസ്ഥാനത്തിലാണ് നിയമസഭാ തിരഞ്ഞെടുപ്പ് തോൽവിയെക്കുറിച്ച് കഴിഞ്ഞ ദിവസം പാർട്ടി യോഗത്തിൽ സംസാരിച്ചതെന്ന് CPIM കേന്ദ്ര കമ്മിറ്റിയംഗം ഡോ. തോമസ് ഐസക്ക് പറഞ്ഞു.

പറഞ്ഞ കാര്യങ്ങൾ വിവാദമാക്കേണ്ടതില്ലെന്നും, കാര്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

മുല്ലപ്പെരിയാറിലെ സുരക്ഷ പരിശോധനയ്ക്ക് ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കാമെന്ന് സംസ്ഥാന ഗവണ്മെന്റിന്റെ നദീജല കാര്യ ഉപദേഷ്ടാവ് ജെയിംസ് വിൽസൻ പറഞ്ഞു. ഇക്കാര്യത്തിൽ കേരളത്തിന്റെ ആവർത്തിച്ച ആവശ്യത്തെ തുടർന്നാണ് യോജിപ്പ് അറിയിച്ചതെന്നും ഇല്ലെങ്കിൽ സുപ്രീം കോടതിയെ സമീപിക്കുമെന്നും അദ്ദേഹം അറിയിച്ചു. അണക്കെട്ടിന്റെ പ്രളയ സുരക്ഷ, ഘടനാപരമായ സ്ഥിതി, ഭൂകമ്പ സാധ്യത എന്നീ പരിശോധനകളാണ് കേരളം ആവശ്യപ്പെട്ടത്.

✪✪✪

സംസ്ഥാനത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്

സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ 'റീ ഇമാജിനിങ് കേരളം' ശിൽപശാല നാളെയും മറ്റന്നാളും IIM ക്യാമ്പസിൽ ചേരും. മുഖ്യമന്ത്രി V.D സതീശനും എല്ലാ മന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും.

കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ആശയങ്ങളും, തന്ത്രപരമായ സമീപനങ്ങളും രൂപപ്പെടുത്തുന്നതിന് സംവാദ വേദിയായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കോഴിക്കോട് IIM ലെ അധ്യാപകരോടൊപ്പം, ജപ്പാനിലെ കിയോ സർവകലാശാല, കിംഗ്സ് കോളേജ് ലണ്ടൻ എന്നിവിടങ്ങളിലെ വിദഗ്ധരും സെഷനുകൾ നയിക്കും. ആരോഗ്യവും ക്ഷേമവും സംബന്ധിച്ച പ്രത്യേക സെഷന്, അരവിന്ദ് ഐ കെയർ സിസ്റ്റം ചീഫ് മെഡിക്കൽ ഓഫീസറും, ഡയറക്ടർ ഓഫ് പ്രൊജക്ട്സുമായ ഡോ. അരവിന്ദ് ശ്രീനിവാസൻ, നാരായണ ഹെൽത്ത് ചെയർമാൻ ഡോ. ദേവി ഷെട്ടി എന്നിവർ നേതൃത്വം നൽകും.

✪✪✪

ഇന്ത്യ, EOS-05 ഭൗമ നിരീക്ഷണ ഉപഗ്രഹം, നാളെ വിക്ഷേപിക്കുമെന്ന് ISRO ചെയർമാൻ വി. നാരായണൻ അറിയിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55 ന് GSLV-F17 റോക്കറ്റിലാണ് ഉപഗ്രഹം വിക്ഷേപിക്കുന്നത്. EOS-05, ജിയോസിങ്ക്രോണസ് ഭ്രമണപഥത്തിൽ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഇമേജിംഗ് ഉപഗ്രഹമാണിതെന്നും, ഈ ദൗത്യം ഇന്ത്യയുടെ ഭൗമ നിരീക്ഷണ ശേഷികളെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. തിരുപ്പതിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ISRO ചെയർമാൻ.

സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ വിക്ഷേപണ ക്രമീകരണങ്ങൾ പൂർത്തിയായതായും V നാരായണൻ അറിയിച്ചു.

✪✪✪

കേരള - ലക്ഷദ്വീപ് NCC ഡയറക്ടറേറ്റിനു കീഴിലെ നാവിക NCC കേഡറ്റുകളുടെ ജല സാഹസിക യാത്രയ്ക്ക് കൊല്ലം തേവള്ളിയിൽ തുടക്കമായി. കൊല്ലം NCC ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ കെ.ലോഗനാഥൻ തേവള്ളിയിലെ NCC ജെട്ടിയിൽ യാത്ര ഫ്ലാഗ്-ഓഫ് ചെയ്തു. കേരളത്തിലെയും ലക്ഷദ്വീപിലെയും വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും തിരഞ്ഞെടുത്ത കേഡറ്റുകളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. അടുത്ത വ്യാഴാഴ്ച തേവള്ളി ജെട്ടിയിൽ പായ്‌വഞ്ചി പര്യടനം അവസാനിക്കും.

✪✪✪

ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ഗ്രൂപ്പ് 'A' യിലെ രണ്ടാമത്തെ മത്സരത്തിൽ, ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിന് UAE യിലെ ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഞായറാഴ്ച ദുബായിൽ, ഇന്ത്യ തായ്‌ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി മികച്ച വിജയം നേടിയിരുന്നു.

ഇന്നലെ ദുബായിൽ ഗ്രൂപ്പ് 'B' മത്സരത്തിൽ ശ്രീലങ്ക ഇന്തോനേഷ്യയെ 75 റൺസിന് പരാജയപ്പെടുത്തി.

✪✪✪

പ്രഥമ വനിതാ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിന്റെ വേദി, ശ്രീലങ്കയിൽ നിന്ന് ഇന്ത്യയിലേക്ക് മാറ്റി. ശ്രീലങ്കൻ ക്രിക്കറ്റ് ഭരണസമിതിയിലെ ആഭ്യന്തര തർക്കങ്ങളെത്തുടർന്നാണ് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ഇന്ത്യയെ ആതിഥേയരായി പ്രഖ്യാപിച്ചത്. ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇന്ത്യ, ന്യൂസിലാൻഡ്, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക എന്നീ ആറ് ടീമുകൾ പങ്കെടുക്കുന്ന ടൂർണമെന്റ് അടുത്ത വർഷം ഫെബ്രുവരി 14 മുതൽ 28 വരെയാണ്.

✪✪✪

US ഓപ്പൺ വനിതാ സിംഗിൾസിൽ ഒന്നാം സീഡായ ആര്യാന സെബലേങ്ക, കൊളീന ലാറ്റ്സേങ്കയെ തോൽപ്പിച്ച് മൂന്നാം റൗണ്ടിലേക്ക് കടന്നു. ന്യൂയോർക്കിൽ ആർതെർ ആഷെ സ്റ്റേഡിയത്തിലെ മത്സരത്തിൽ രണ്ട് സെറ്റ് നീണ്ട പോരാട്ടത്തിലാണ് സെബലേങ്കയുടെ ജയം.

✪✪✪

ഹ്യുണ്ടായ് വേൾഡ് ആർച്ചറി പാരാ സീരീസിന് മറ്റന്നാൾ ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കും. അഹമ്മദാബാദിലെ സബർമതി നദീതീരത്താണ് അഞ്ച് ദിവസത്തെ മത്സരം. 20 രാജ്യങ്ങളിൽ നിന്ന് 100-ലധികം അത്‌ലറ്റുകൾ പങ്കെടുക്കും. നാളെയാണ് ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം.

✪✪✪

ആലപ്പുഴ കൈചൂണ്ടിമുക്കിൽ നിയന്ത്രണം വിട്ട ബൈക്ക് മറിഞ്ഞ് രണ്ട് യുവാക്കൾ മരിച്ചു, ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. മണ്ണഞ്ചേരി സ്വദേശികളായ സബീൽ, റിൻഷാദ് എന്നിവരാണ് മരിച്ചത്. മണ്ണഞ്ചേരി ഷിജാസിനാണ് ഗുരുതര പരിക്ക്. പുലർച്ചയായിരുന്നു അപകടം.

✪✪✪

കണ്ണൂർ പേരാവൂരിൽ മൂന്ന് യുവാക്കൾക്ക് വെട്ടേറ്റ സംഭവത്തിൽ ഏഴു പേർക്കെതിരെ കേസെടുത്തു. ഇന്നലെ രാത്രിയാണ് കൂരിയാടൻ അൻസർ,

പട്ടനാടൻ അരുൺ, അഭിജിത്ത് മേൽ മൂരിങ്ങോടി എന്നിവർക്ക് വെട്ടേറ്റത്. പരിക്കേറ്റവർ ചികിത്സയിലാണ്. വ്യക്തി വൈരാഗ്യമാണ് അക്രമത്തിലേക്ക് നയിച്ചതെന്ന് പൊലീസ് അറിയിച്ചു.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിൽ വെച്ച് തടവുകാരനെ മർദിച്ചെന്ന് പരാതിയിൽ പ്രിസൺ ഓഫീസർക്കെതിരെ പോലീസ് കേസെടുത്തു. ആശുപത്രിയിൽ കൊണ്ടുപോകാൻ പറഞ്ഞതിന് മർദിച്ചെന്ന് തടവുകാരനായ ജലാലുദ്ദീൻ ഉൾപ്പെടെ അഞ്ച് പേരാണ് പരാതി നൽകിയത്. കോടതി നിർദേശപ്രകാരമാണ് കേസെടുത്തത്.

✪✪✪

ഓപ്പറേഷൻ തണ്ടർ' പരിശോധനയുടെ ഭാഗമായി അടിമാലിയിലെ വാടകവീട്ടിലെ റെയ്ഡിൽ 5 കിലോയിലേറെ ഉണക്കക്കഞ്ചാവുമായി ഒരാളെ അറസ്റ്റ് ചെയ്തു. കോതമംഗലം കുട്ടമ്പുഴ സ്വദേശിനി ഡയാന ബിജുവിനെയാണ് എക്സൈസ് എൻഫോഴ്സ്മെന്റും, ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും അറസ്റ്റ് ചെയ്തത്.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 2,440 രൂപ കൂടി ഒരു ലക്ഷത്തി 13,920 രൂപയായി. ഗ്രാമിന് 14,240 രൂപയാണ്.

✪✪✪

ശബരിമലയിൽ കന്നിമാസ പൂജയോടനുബന്ധിച്ച് ദർശനം നടത്തുന്നതിന്, ഓൺലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ്. ഈ മാസം 16 നാണ് നട തുറക്കുന്നത്.

✪✪✪

---

***News Editor : വി കെ സുരേഷ്***
***News Reader: സബിത കെ,***
***News Team: AV ഫർദിസ്, രജ്ന കെ***
***DEO: ഷീബ***